കെ.എസ്.എഫ്.ഇ.-യിൽ പ്യൂൺ തസ്തികയിലേയ്ക്ക് പി. എസ്. സി. നടത്തിയ പരീക്ഷ

T63 [837] ശ്രീ. ടി. യു. രാധാകൃഷ്ണൻ :

,, എ. സുജനപാൽ :

ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. ലൂഡി ലൂയിസ് :

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 ജനുവരി 15-ാം തീയതി ശനിയാഴ്ച പി. എസ്. സി. ഏതെല്ലാം ഉദ്യോഗനിയമനത്തിനുള്ള എഴുത്തു പരീക്ഷകൾ നടത്തി ;

(ബി) കെ. എസ്. എഫ്. ഇ.-യിൽ പ്യൂണായി നിയമിക്കപ്പെടുന്നതിനുള്ളവരുടെ എഴുത്തു പരീക്ഷ ഏറ്റവും ഒടുവിൽ നടത്തിയതെന്നാണ് ;

(സി) പ്രസ്തുത ഉദ്യോഗത്തിന് അപേക്ഷ അയച്ചവരിൽ എത്രപേരുടെ അപേക്ഷ കാണാതായി ;

(ഡി) ഇത്രയും പേരുടെ അപേക്ഷ കാണായതായതെന്നാണ് ;

(ഇ) ഇത്രയും പേർക്ക് പരീക്ഷയ്ക്ക് ഹാജരാകുന്നതിനുള്ള അഡ്മിഷൻ കാർഡ് തയ്യാറാക്കുന്നതിന് എത്ര പേരുടെ, എത്ര ദിവസത്തെ ജോലിവേണ്ടിവരും ;

(എഫ്) കാണാതായ അപേക്ഷയുടെ കാര്യത്തിൽ എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത അപേക്ഷകർക്ക് വേറെ പരീക്ഷ നടത്തുമോ എന്നറിയിക്കുമോ ?

ഉത്തരം

(എ, ബി, സി, ഡി, ഇ ആന്റ് എഫ്) പി. എസ്. സി.-ൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

[ചോദ്യം നമ്പർ (838)-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.]

തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച്

64 [839] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഹൈക്കോടതിയുടെ ഫയലിംഗ് അധികാരമുള്ള ഡിവിഷൻ ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്ന് കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ ; കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ എന്തു തീരുമാനമാണ് ഒടുവിൽ അറിയിച്ചത് ;

'T'---മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) മൻമോഹൻസിംഗ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര നിയമ മന്ത്രാലയത്തിൽ നിന്ന് ഇതു സംബന്ധിച്ച് എന്തെല്ലാം അറിയിപ്പുകൾ/മറുപടികൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ചിനുവേണ്ടി ഇപ്പോഴത്തെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഇ) ഹൈക്കോടതി ബഞ്ചിനുവേണ്ടി ജസ്വന്ത്സിംഗ് കമ്മീഷൻ റിപ്പോർട്ടിലെ വ്യവസ്ഥകൾ മാനിച്ചുകൊണ്ട് നിയമാനുസൃതമുള്ള അഭ്യർത്ഥന കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് 1968-ൽ കേരള നിയമസഭ പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് അയയ്ക്കുകയുണ്ടായി. കൂടാതെ 1971-ലും 1996-ലും, 1998-ലും, 1999-ലും കേന്ദ്ര സർക്കാരിന് കത്തുകൾ അയച്ചിരുന്നു. ഏറ്റവുമൊടുവിലായി 25-6-2004-ലാണ് കേന്ദ്ര നിയമ മന്ത്രിക്ക് ഇതു സംബന്ധിച്ച് കത്ത് അയച്ചത്. ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ നിർദ്ദേശം സമർപ്പിക്കുവാൻ കേന്ദ്രമന്ത്രി അറിയിച്ചിട്ടുണ്ട്.

(സി) മൻമോഹൻസിംഗ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര നിയമമന്ത്രിയിൽ നിന്നും ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി ബന്ധപ്പെട്ട് ഹൈക്കോടതി ബഞ്ചിനായുള്ള നിർദ്ദേശം സമർപ്പിക്കാനുള്ള കത്ത് മാത്രമേ ലഭിച്ചിട്ടുള്ളു.

(ഡി) കേന്ദ്ര നിയമമന്ത്രി ശ്രീ. എച്ച്. ആർ. ഭരദ്വാജിനോട് ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് 25-6-2004-ൽ മുഖ്യമന്ത്രി കത്ത് അയച്ചിട്ടുണ്ട്. എന്നാൽ ചീഫ് ജസ്റ്റിസുമായി ബന്ധപ്പെട്ട് ആലോചിച്ച് നിർദ്ദേശം സമർപ്പിക്കുവാനാണ് കേന്ദ്രമന്ത്രി മറുപടി നൽകിയത്. തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ഒരു സ്ഥിരം ബഞ്ച് നേടിയെടുക്കുന്നതിന് മറ്റേതെങ്കിലും വഴിയുണ്ടോ എന്നറിയിക്കുവാൻ നിയമവകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം ആരായുകയുണ്ടായി. ഹൈക്കോടതി ബഞ്ചിനാവശ്യമായ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും തിരുവനന്തപുരത്ത് ഇപ്പോൾ തന്നെ ലഭ്യമാണെന്നുള്ള വിവരവും, ഇക്കാര്യത്തിൽ അധിക ബാദ്ധ്യത സർക്കാരിന് താങ്ങാവുന്നതാണെന്നും, ഇത്തരത്തിലൊരു ബഞ്ച് സംസ്ഥാന തലസ്ഥാനത്തിന് അത്യന്താപേക്ഷിതമാണെന്നുള്ള വിവരവും സംസ്ഥാന സർക്കാരിന് ബഹു. രാഷ്ട്രപതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണെന്നുമുള്ള നിയമസെക്രട്ടറിയുടെ നിർദ്ദേശത്തിന്മേൽ മന്ത്രിസഭയുടെ അംഗീകാരത്തോടുകൂടി 17-9-2004-ന് ഇതു സംബന്ധിച്ച് മുഖ്യമന്ത്രി ബഹു. രാഷ്ട്രപതിക്ക് കത്തയയ്ക്കുകയുണ്ടായി. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെ വിവരം ശേഖരിക്കുന്നതിനായി എല്ലാ വകുപ്പുതലവൻമാരോടും, അഡ്വക്കേറ്റ് ജനറലിനോടും ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഹൈക്കോടതി ബഞ്ചിനാവശ്യമായ അനുബന്ധ സൗകര്യങ്ങൾ സംബന്ധിച്ച് ജസ്വന്ത്സിംഗ് കമ്മീഷന്റെ റിപ്പോർട്ടിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനം ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന് ബഞ്ചിന്റെ സ്ഥാപനത്തിനായുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുള്ളത്.

മുൻസിഫ്-മജിസ്ട്രേറ്റ് നിയമനങ്ങളിൽ സംവരണം

65 [840] ശ്രീ. ടി. പി. എം. സാഹീർ :

,, സി. മോയിൻകുട്ടി :

,, നാലകത്ത് സൂപ്പി :

,, കെ. എൻ. എ. ഖാദർ :

,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസിഫ്-മജിസ്ട്രേറ്റ് നിയമനങ്ങളിൽ മുസ്ലീം, പട്ടികജാതി എന്നീ വിഭാഗക്കാർക്ക് റിസർവേഷൻ ലഭിക്കാതെ പോയിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വിശദമാക്കുമോ ;

(സി) ഈ നിയമനത്തിലെ റിസർവേഷൻ തസ്തികയിൽ ഉയർന്ന ജാതിക്കാരെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എത്രപേർക്ക് ഇത്തരത്തിൽ നിയമനം നൽകിയിട്ടുണ്ട് ;

(ഡി) നിയമനം ലഭിക്കാതെപോയ വിഭാഗങ്ങൾക്ക് നിയമനം ലഭിക്കുന്നതിന് ഗവൺമെന്റ് ഇതുവരെ എടുത്ത നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ, ബി & സി) സംവരണ സമുദായങ്ങളിൽനിന്നും ആവശ്യത്തിന് ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ റൂൾ 15 (എ) യും (ബി) യും പ്രകാരം മുന്നോക്ക സമുദായങ്ങളിൽ നിന്നും ആറു പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് കിട്ടിയ നിവേദനങ്ങൾ ആവശ്യമായ നടപടികൾക്കായി ബഹു. ഹൈക്കോടതിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly